Santhigiri

# ഉമ്മിണിതകം

VOL 04 | ISSUE 47 | 2018 നവംബർ 11 | 1194 തുലാം 25

Newspaper published from Santhigiri Ashram | For Private Circulation Only | www.santhigiriashram.org | തിരുവനന്തപുരം റൂറൽ

**ഗുരുവാണി**

"ഗുരുക്കൻമാരെ നമ്മൾ അറിയണമെങ്കിൽ, അവരോട് നമുക്ക് സ്നേഹം വരണമെങ്കിൽ നമ്മളെ നശിപ്പിച്ചിരിക്കുന്ന ജാതി നമ്മുടെ കൈയ്യിൽ നിന്നും പോകണം."

## സമൂഹവിവാഹവും പുരസ്കാര സമർപ്പണവും നടന്നു



ശാന്തിഗിരിയിൽ നടന്ന സമൂഹവിവാഹത്തിൽ വിവാഹിതരായ ദമ്പതികൾ മന്ത്രി ജെ. മെഴ്സികുട്ടി അമ്മ, സ്വാമി സായൂജ്യനാഥ് ജ്ഞാന തപസ്വി തുടങ്ങിയവർക്കൊപ്പം

**ഹെൽത്ത്കെയർ സോൺ:** ജ്യോതിർഗമയ ഫൗണ്ടേഷന്റെ ആഭിമുഖ്യത്തിൽ ശാന്തിഗിരി ആശ്രമത്തിൽ വച്ച് സമൂഹ വിവാഹം സംഘടിപ്പിച്ചു. ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജ് ഓഡിറ്റോറിയത്തിൽ വച്ചു നടന്ന സമൂഹവിവാഹം മന്ത്രി ജെ. മെഴ്സികുട്ടി അമ്മ ഉദ്ഘാടനം ചെയ്തു. വിശ്വാസത്തിന്റെ പേരിൽ സമൂഹത്തിൽ വിള്ളൽ സൃഷ്ടിക്കാനും അക്രമങ്ങൾ അഴിച്ചു വിടാനുമുള്ള ശ്രമം പരാജയപ്പെടുത്തണമെന്ന് അവർ പറഞ്ഞു. സ്വാമി സായൂജ്യനാഥ് ജ്ഞാന തപസ്വി അനുഗ്രഹ പ്രഭാഷണം നടത്തി. ജോതിർഗമയ ഫൗണ്ടേഷൻ ചെയർമാൻ ബി. അജയകുമാർ അദ്ധ്യക്ഷനായിരുന്നു.

ഇപ്പോഴും സുനാമി ദുരിതാശ്വാസ ക്യാമ്പിൽ കഴിയുന്ന അമ്പലപ്പുഴ പുതുവൽ വീട്ടിലെ സിത്താരയും കരുനാഗപ്പള്ളി അഴീക്കൽ സ്വദേശി അനന്തുവും തമ്മിലും നെയ്യാറ്റിൻകര വെൺപകൽ ഭാസ്ക്കർനഗർ ഹരിജൻകോളനിയിൽ എസ്. എൽ രാഖിയും കോവളം പാറവിളവീട്ടിൽ എസ്. സുരേഷും, ആര്യനാട് ചെറിയനാട് പ്ലാമൂട് വീട്ടിൽ എസ്.എസ്. രമ്യയും ആര്യനാട് പ്ലാമൂട്ടിൽ കിരൺ. എ. കൃഷ്ണനും തമ്മിലാണ് വിവാഹിതരായത്.

പ്രധാനമന്ത്രിയുടെ മുൻ പ്രിൻസിപ്പൽ സെക്രട്ടറി ടി. കെ എ നായർ, കടയ്ക്കൽ രമേശ്, തമ്പി മേട്ടുത്തറ, ആറ്റിപ്ര അനിൽ, ഡോ. എൻ.പി.ചന്ദ്രശേഖരൻ, ഡോ. ഷാജി പ്രഭാകരൻ, ഉപേന്ദ്രൻ കോൺട്രാക്ടർ, കൊല്ലം പണിക്കർ, രമേശ് വലിയശാല എന്നിവർ സംബന്ധിച്ചു. സെക്രട്ടറി അഡ്വ. രാജേഷ്കുമാർ നന്ദിയും പറഞ്ഞു. സമൂഹവിവാഹത്തോടനുബന്ധിച്ച് ജ്യോതിർഗമയ ശ്രേഷ്ഠ മാധ്യമ പുരസ്കാരം, ധന്വന്തരി പുരസ്കാരം, ശ്രേഷ്ഠ കാരുണ്യ പുരസ്കാരം, സംരംഭക പുരസ്കാര സമർപ്പണവും നടന്നു.

## ശുഭാനന്ദദർശനങ്ങൾ കാലഘട്ടത്തിന്റെ ആവശ്യം: സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി



ശുഭാനന്ദ ഗുരുദേവന്റെ തപോശതാബ്ദി ആഘോഷ സമ്മേളനം സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി ഉദ്ഘാടനം ചെയ്തപ്പോൾ

**മാന്നാർ( മാവേലിക്കര):** ഒട്ടേറെ അപചയങ്ങൾ നാടു നേരിടുമ്പോൾ ശുഭാനന്ദ ഗുരുദേവ ദർശനങ്ങൾ കാലഘട്ടത്തിന്റെ ആവശ്യമായി മാറുമെന്ന് ശാന്തിഗിരി ആശ്രമം ഓർഗനൈസിംഗ് സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി പറഞ്ഞു. ആത്മബോധോദയ സംഘം സ്ഥാപകനായ ശുഭാനന്ദ ഗുരുദേവന്റെ തപോശതാബ്ദി ആഘോഷ സമ്മേളനം നവംബർ 7 ന് ചെറുകോൽ ശുഭാനന്ദാശ്രമത്തിൽ ഉദ്ഘാടനം ചെയ്തു സംസ്രിക്കുകയായിരുന്നു സ്വാമി.

അപചയത്തിൽ നിന്ന് കരകയറാനുള്ള മാർഗ്ഗം ആത്മീയതയാണ്. അത് ഗുരുപമ്പരയിൽ നിന്ന് ഉരുത്തിരിയണം. അങ്ങനെയുള്ള ഗുരുപരമ്പരയിൽ ശ്രേഷ്ഠമാണ് ശുഭാനന്ദ ഗുരുദേവന്റെ പരമ്പരയെന്ന് സ്വാമി പറഞ്ഞു. ട്രസ്റ്റ് സെക്രട്ടറി സ്വാമി ഗീതാനന്ദൻ അദ്ധ്യക്ഷനായിരുന്നു. ആശ്രമാധിപതി ദേവാനന്ദ ഗുരുദേവൻ അനുഗ്രഹ പ്രഭാഷണം നടത്തി. ഓർത്തഡോക്സ് സഭാ മലങ്കര സഹായ മെത്രാൻ അലക്സിയോസ് മാർ യൗസേബിയോസ് മെത്രാപോലീത്ത, തിരുവനന്തപുരം ചാല ജുമാ മസ്ജിദ് ചീഫ് ഇമാം അബ്ദുൽ ഷുക്കൂർ മൗലവി, പാലോട് വിവേകാനന്ദ യോഗ വേദാന്ത ആശ്രമം മഠാധിപതി സ്വാമി ഗൗഢപാദാനന്ദപുരി, സജി ചെറിയാൻ എംഎൽഎ, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഇഎം നാരായണൻ തുടങ്ങിയവർ സംബന്ധിച്ചു.

## ആയുർവേദ ദിനാചരണം സംഘടിപ്പിച്ചു



ആയുർവേദ ദിനാചരണ സമ്മേളനത്തിൽ സ്വാമി ഗുരുധർമ്മ ജ്ഞാനതപസ്വി സംസാരിക്കുന്നു

**ഹെൽത്ത്കെയർ സോൺ:** ശാന്തിഗിരി ഹെൽത്ത്കെയർ & റിസർച്ച് ഓർഗനൈസേഷന്റെ നവംബർ അഞ്ചിന് രാജ്യമെമ്പാടും ആയുർവേദ ദിനാചരണം നടന്നു. ആശ്രമത്തിൽ ആയുർവേദ മെഡിക്കൽ അസോസിയേഷൻ ഓഫ് ഇന്ത്യ പോത്തൻകോട് യൂണിറ്റുമായി ചേർന്ന് ദിനാചരണം സംഘടിപ്പിച്ചു. ശാന്തിഗിരി റിസർച്ച് ഫൗണ്ടേഷൻ ഹെഡ് (അഡ്മിനിസ്ട്രേഷൻ) സർവ്വാദരണീയ സ്വാമി ഗുരുധർമ്മ ജ്ഞാനതപസ്വി ഉത്ഘാടനം ചെയ്തു. ആയുർവേദത്തിന്റെ തനിമയും അന്തസത്തയും നഷ്ടപ്പെടാതെ സൂക്ഷിക്കേണ്ടത് ഇന്നത്തെ യുവ ഭിഷഗ്വരൻമാരുടെ ഉത്തരവാദിത്വമാണെന്ന് സ്വാമി അഭിപ്രായപ്പെട്ടു. ഡോ, വി. അരുണാചലം അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ ഡോ.എൻ ജയശ്രീ, പി പി ബാബു, ഡോ. സുനിൽകുമാർ എന്നിവർ ആശംസകൾ അർപ്പിച്ചു. തുടർന്ന് കേരള യൂണിവേഴ്സിറ്റി ഹെൽത്ത് സെന്റർ ഡയറക്ടർ ഡോ. കൃഷ്ണപ്രസാദ്, തിരുവനന്തപുരം യോഗ പാർക്ക് ഡയറക്ടർ ശ്യാം ജി ഗോപാൽ എന്നിവർ ക്ലാസ്സുകൾ നയിച്ചു. മെഡിക്കൽ സൂപ്രണ്ട് (ആയുർവേദ) ഡോ. ബി. രാജ്കുമാർ സ്വാഗതവും ഹരീഷ് ആർ കൃതജ്ഞതയും രേഖപ്പെടുത്തി. ഇതിനോടനുബന്ധിച്ച് സൗജന്യ അസ്ഥിബല നിർണ്ണയ ക്യാമ്പ് നടക്കുകയുണ്ടായി. ക്യാമ്പിൽ 125 ഓളം പേർ പങ്കെടുത്തു.

## ശാന്തിഗിരി ഉത്പന്നങ്ങൾ നേരിട്ട് വീടുകളിലേക്ക്



ശാന്തിഗിരി ഭഗിനിനികേതൻ ഉൽപ്പന്നങ്ങൾ കുടുംബശ്രീ യൂണിറ്റിന് കൈമാറുന്നു

**പോത്തൻകോട്:** ശാന്തിഗിരി ഭഗിനി നികേതൻ ഉത്പന്നങ്ങളായ കറിപൗഡറുകൾ, സോപ്പുകൾ, ചന്ദനത്തിരി, തേൻ, തുടങ്ങിയ ഉത്പന്നങ്ങൾ നേരിട്ട് വീടുകളിലേക്ക് എത്തിക്കുന്ന പ്രവർത്തനം കുടുംബശ്രീ യൂണിറ്റുകളുമായി ചേർന്ന് ആരംഭിച്ചു. പദ്ധതിപ്രകാരം വാങ്ങിക്കുന്ന ഉത്പന്നങ്ങൾക്ക് പരമാവധി മുപ്പത് ശതമാനം വരെ വിലക്കിഴിവ് ലഭിക്കുന്നതാണ്.

കുറഞ്ഞത് രണ്ടായിരം രൂപ രൊക്കം അടച്ച് വാങ്ങിക്കുന്നവർക്ക് മാത്രമെ ഈ ആനുകൂല്യം ലഭ്യമാവുകയുള്ളൂ. സ്ത്രീകൾക്ക് ഒരു വരുമാനമാർഗ്ഗം എന്ന ലക്ഷ്യത്തോടെയാണ് ഈ പദ്ധതി ആരംഭിച്ചിട്ടുള്ളത്. വിവരങ്ങൾക്ക് 8111882357.

# ഗുരുവാണി

ഇത് ചെയ്തെടുക്കാൻ നിങ്ങൾക്ക് അവസരം തന്നത് ദൈവമാണ്. ഈ വിധത്തിൽ ബുദ്ധനെ മനസിലാക്കിയിട്ടാണ് അശോക ചക്രവർത്തി എല്ലാം ഉപേക്ഷിച്ചിട്ട് അതിനായി ഇറങ്ങിത്തിരിച്ചത്. രണ്ടു മക്കളെയും ആശയത്തിനു വേണ്ടി ത്യാഗം ചെയ്തു. എന്തുകൊണ്ട് അദ്ദേഹം ഇതൊക്കെ ചെയ്തു? ചക്രവർത്തിയായതുകൊണ്ടും ആ നിലയിലുള്ള സംസ്കാരമുണ്ടായിരുന്നതുകൊണ്ടും അദ്ദേഹത്തിനു മനസിലായി. എങ്ങനെ പ്രയത്നിച്ച് ത്യാഗം ചെയ്ത് പ്രചരണം ചെയ്തെടുക്കണം എന്ന യോഗ്യത അദ്ദേഹം നമുക്കു കാണിച്ചുതന്നു. ഇതൊന്നും ചിന്തിക്കാനറിഞ്ഞുകൂടാത്ത നമുക്ക് എന്തുവരാൻ? നിങ്ങളിൽ പരമ്പരാഗതമായി ഇരിക്കുന്ന കുറവുകൾ പറിച്ചുകളയണമെങ്കിൽ ഇതു കിട്ടാനിടയായാൽ ഇതിനെ മാത്രം ചിന്തിച്ച് പാകപ്പെടുത്തിയെടുത്ത് അറിവിനൊത്ത് കൈകാര്യം ചെയ്യാൻ നിങ്ങൾ തയ്യാറാകണം. അനുഭവം എന്ന വിഷയത്തിന്റെ ഇന്നോളമുള്ള വെളിച്ചം പരിചയപ്പെടുത്തിത്തന്നിട്ടാണ് ഞാൻ നിങ്ങളോടിതു പറയുന്നത്. ഈ സത്യത്തെ എങ്ങനെയെടുക്കാം എന്നൊരു ചിന്താശീലമെങ്കിലും വന്നാൽ അത്രയും നല്ലത്. പക്ഷെ ഒരു കാര്യം, ഈ അറിവ് പരിചയപ്പെട്ടാലും സത്യം സൂക്ഷിച്ചില്ലെങ്കിൽ ഇത് എടുക്കാൻ പറ്റുകയില്ല.

ത്യാഗത്തിന് ഒരു മഹിമയുണ്ട്. അത് വലുപ്പം കാണിക്കാനുള്ളതല്ല. ഇത് നിങ്ങളുടെ ആരുടെയെല്ലാം കൈയിൽ കിട്ടുന്നോ അവരെല്ലാം ഇതു മാനിച്ചെടുക്കണം. ഇത് ഭാഗ്യത്തിൽ വച്ച് ഭാഗ്യമാണ്. എന്തുകൊണ്ടെന്നാൽ അനേകയുഗങ്ങളിലായി സംഭവിച്ചുപോയ തെറ്റ് നിവർത്തിക്കപ്പെടുന്ന വിമോചനമാർഗമാണിത്.

ഞാൻ വാസ്തവത്തിൽ എന്താണ് നിങ്ങളോട് പറയുന്നത്. യുഗങ്ങൾക്കപ്പുറത്തുള്ള ഒരു വലിയ കാലയളവിന്റെ ഭാഗം എടുത്തു കണ്ടിട്ട് കേവലം ഈ കലിയുഗത്തിൽ മാത്രം വന്ന ഗുരുക്കന്മാരെ അവരുടെ ജീവിതത്തിന്റെ യഥാർത്ഥവശത്തെ പൊക്കിയെടുത്ത് നിങ്ങളെ കാണിക്കുകയാണ്. നിങ്ങളുടെ മുമ്പിൽ വളരുന്ന കുട്ടികളിൽ ഒരു വാക്കിനെങ്കിലും ആശയത്തിനു വിരുദ്ധമായ ഒരു തെറ്റ് വന്നാൽ ഉടൻ അത് തിരുത്തിക്കൊള്ളണം. അല്ലെങ്കിലത് സത്യത്തോട് കാണിക്കുന്ന വിനയക്കുറവാകും. മാത്രമല്ല, നിങ്ങളുടെ വീട്ടിൽ നിന്ന് ഈ ആശയം ഇറങ്ങിപ്പോകും. ദൈവത്തിന്റെ നിറവ് എടുക്കാനുള്ള ഭാഗ്യം നിങ്ങൾക്കു സിദ്ധിച്ചാൽ ആ കർമ്മത്തെ എന്തു വിലകൊടുത്തും നിങ്ങൾ എടുത്തുകൊള്ളണം. ഇതു സന്ന്യസിക്കാനും പ്രഭുത്വം നേടാനും അല്ല. അശോക ചക്രവർത്തി ഇത് സ്വീകരിച്ചത് പ്രഭുത്വം നേടാനായിരുന്നില്ലല്ലോ. തന്റെയും തന്റെ മക്കളുടെയും കർമ്മത്തിൽക്കൂടി തന്റെ രാജ്യത്തിനു നന്മ വരട്ടെ എന്ന ഉദ്ദേശ്യമായിരുന്നു അദ്ദേഹത്തിന്. ധനത്തിന്റെ കാര്യത്തിൽ മതിവന്ന ആളായിരുന്നു അദ്ദേഹം. അശോകൻ ത്യാഗത്തിന്റെ ഇത്രയും വലിയൊരു മഹിമ കാണിച്ചിട്ടും പിൽക്കാലത്തുവന്ന പ്രജകൾക്കോ സാമന്ത രാജാക്കന്മാർക്കോ ഇവിടെ എന്തു ചെയ്യാൻ കഴിഞ്ഞു?

ഇത്ര വലിയ നിലയിൽത്തന്നെ നിങ്ങൾക്കിതു ചിന്തിക്കാൻ കഴിയണം. ദൈവത്തോട് സ്നേഹമുണ്ടെങ്കിലേ ഇതു ചെയ്യാൻ കഴിയൂ. ദൈവത്തിന്റെ ആ മഹിമയുടെ പുറത്ത് നമ്മൾ വളരുകയും നശിക്കുകയും ചെയ്യുന്ന കർമ്മമാണ് നമ്മളിൽ ഉള്ളതെന്ന വിശ്വാസമുണ്ടെങ്കിൽ ഇതു ചെയ്തെടുക്കേണ്ടത് നമ്മുടെ ആവശ്യമാണ്.

## വചനദീപ്തി

വാക്കാണു സത്യം, സത്യമാണ് ഗുരു,
ഗുരുവാണ് ദൈവം

## സ്പിരിച്വൽ ഡ്യൂട്ടി ലിസ്റ്റ്

16.11.2018 – ജനസേവികപുരം
17.11.2018 – പോത്തൻകോട്

## യാമപ്രാർത്ഥന

2018 നവംബർ 15, വ്യാഴം

## പൗർണ്ണമി

2018 നവംബർ 22, വ്യാഴം

## പ്രകാശപദം

# ആശ്രമോദ്ദേശ്യത്തെ നമ്മുടെ ജീവിതത്തോട് ചേർത്തുവച്ച് ചിന്തിക്കുമ്പോൾ

ആശ്രമോദ്ദേശ്യത്തെ നാം നമ്മുടെ ജീവിതത്തോട് ചേർത്തുവച്ച് ചിന്തിക്കുമ്പോൾ സ്നേഹത്തിനുപരിയായി നമുക്കൊന്നുമില്ല. എല്ലാവരും ഇവിടെ ഒത്തുകൂടിയിരിക്കുന്നത് ഒരു സ്നേഹത്തിന്റെ കനിവിലാണെന്നും ആ സ്നേഹം ഇന്നതുപോലെ പ്രവർത്തിക്കാനാണെന്നുമുള്ള നിശ്ചയദാർഢ്യവും കർത്തവ്യ ബോധവും വൈരാഗ്യവും നമ്മുടെ മനസിൽ തോന്നും. ഈ തോന്നുന്നത് ഗുരുപൂജയിൽ ഒതുങ്ങിനിന്നിട്ട് കാലാനുസൃഹൃദയത്തിന്റെയുള്ളിൽ തന്റെ ഈ മാലിന്യമാകുന്ന നീചത്വം ഉരുകിയുരുകി എവിടെ വീഴിക്കുന്നുതമായ ധർമ്മ ത്തിൽക്കൂടി പോയി ആ ധർമ്മം തന്റെ ഗുരുവിൽക്കൂടി നടപ്പിലാക്കാൻ ഗുരു ദൈവമായും ബ്രഹ്മമായും അല്ലെങ്കിൽ പരബ്രഹ്മസന്നിധാനം വരെ എത്തിനിന്നു പ്രവർത്തിക്കുന്ന ഒരു കനിവിന്റെ സ്വരൂപമായി നാം ജീവിതത്തിലേക്ക് പകർത്തുകയാണ്. ഈ പകർത്തുന്ന ഭാഗം സകലവിധ സന്നിധാനങ്ങളും കടന്നുവന്ന ആ ബ്രഹ്മനിശ്ചയത്തിന്റെ നിയോഗമാണ്. നമ്മുടെ അനുഭവപരമ്പരയിൽക്കൂടി അല്ലെങ്കിൽ അനുഭവസ്ഥരായ ആളുകളിൽക്കൂടി ഗൃഹസ്ഥനെന്നോ മറ്റാരെന്നോ ഇല്ലാത്ത ഭാഗത്ത് ഒരു വ്യക്തിയിൽകൂടി അല്ലെങ്കിൽ കുട്ടികളിൽകൂടി എങ്ങനെയിത് പകർത്തിയെടുക്കും എന്നുള്ളതാണ്. സ്നേഹം എന്നു പറയുന്ന ഭാഗത്ത് അതിന് മറ്റൊരു സ്വഭാവവും കാണിക്കാൻ പറ്റില്ല. അതാണ് ലഘുത്വത്തിൽ നിന്ന്, ആ ലഘുത്വം ഒരു മെഴുകുതിരി ഉരുകിയുരുകി തീരുന്നതുപോലെ അനേകായിരവും ലക്ഷവും കോടിക്കണക്കിനും മെഴുകുതിരികൾ ഉരുകിത്തീരുന്നതുപോലെ ഈ മനുഷ്യഹൃദയത്തിന്റെയുള്ളിൽ തന്റെ ഈ മാലിന്യമാകുന്ന നീചത്വം ഉരുകിയുരുകി എവിടെ വീഴിക്കുന്നു, തിരിച്ച് കത്തിനില്ക്കുന്ന ദീപം എവിടേക്കു പോകുന്നു എന്ന് നാം അറിയണം. അത് ജീവിതത്തിന്റെ പോക്കാണ്. അങ്ങനെ നാം ചിന്തിച്ചുനോക്കുമ്പോൾ നമ്മുടെ ഈ ജീവൻ ശരീരം വിട്ടു പോകുമ്പോൾ ആത്മാവ് നിന്നു പ്രവർത്തിക്കുന്ന അരൂപസ്വരൂപങ്ങളോടുകൂടിയ ഭാഗത്ത് നിശ്ചയമായും നമുക്ക് കർത്തവ്യബോധവും നിശ്ചയദാർഢ്യവും അതിലുപരി ഗുരു ആരാണെന്നു വരുത്തിത്തീർക്കാനുള്ള കടപ്പാടും ഉണ്ട്. അതാണ് ബ്രഹ്മനിശ്ചയം എന്നു പറയുന്ന ഭാഗം.

**ദൈവസ്നേഹം പങ്കുവയ്ക്കുന്ന നിമിഷാർദ്ധങ്ങൾ** - അഭിവന്ദ്യ ശിഷ്യപൂജിതയുടെ പ്രഭാഷണത്തിൽ നിന്ന്

# സത്യം അനുഭവം കൊണ്ട് അറിഞ്ഞ ശിഷ്യപരമ്പര

1984–85 കാലഘട്ടം. ശുഷ്കിച്ചു ശോഷിച്ച ഒരാൾ ഗുരുവിനെ കാണാനായി ആശ്രമത്തിലെത്തി. തന്നെ നിരന്തരം വേട്ടയാടിയ രഹസ്യസ്വഭാവത്തിലുള്ള ഒരു പ്രശ്നവുമായിട്ടാണ് അയാൾ വന്നത്. ചെറുപ്പകാലത്ത് ആദ്ധ്യാത്മിക ചിന്തകൾ മനസിൽ കൊണ്ടുനടന്ന അയാൾ ഒരു സന്ന്യാസിയുടെ പിറകെ കുറെക്കാലം നടന്നു. 'സ്വാമി, എനിക്കെന്തെങ്കിലും തരണം' എന്നു പലതവണ അപേക്ഷിച്ചു. 'എന്റെ കൈയിലുള്ളത് നല്ല വകയല്ല' എന്ന സന്ന്യാസിയുടെ മറുപടി കിട്ടിയിട്ടും കൂടെ നടക്കുന്നത് തുടർന്നു. ഒരിക്കൽ, 'നിനക്കൊന്ന് ഇതാ തരുന്നു' എന്നു സന്ന്യാസി പറഞ്ഞു. അതിൽപ്പിന്നെ കറുത്തൊരു സ്ത്രീരൂപം തന്റെ കൂടെയുള്ളതായി അയാൾ കണ്ടു. രാപകലില്ലാതെ അതു കൂടെയുണ്ട്. അതിന്റെ വശീകരണത്തിൽ നിന്നും ചീത്ത കർമ്മങ്ങളിൽ നിന്നും രക്ഷപ്പെടാൻ അയാൾക്ക് സാധിച്ചില്ല. പതിനെട്ടു വർഷമായി ഈ ദുരിതം കൂടെക്കൊണ്ടു നടക്കുകയാണയാൾ. സന്ന്യാസിയും കൂടെ നടന്ന ശിഷ്യനും വേതാളനഗരത്തിന്റെ ഭീതിജനകമായ കാഴ്ചയുമാണ് ഈ സംഭവത്തിൽ കാണാൻ കഴിയുന്നത്. ഒരു ജിജ്ഞാസു ഒരു ഗുരുവിനെയും ഗുരുവിന്റെ അനുഭവത്തെയും അറിവോടെ കണ്ടില്ലെങ്കിൽ ഈ അപകടക്കെണികളിൽപ്പെട്ടു പോകാൻ ഇടയുണ്ട്. ഇതിനു പരിഹാരം തേടിയാണ് അയാൾ ആശ്രമത്തിൽ വന്നത്.

അക്കാലത്ത് ആശ്രമത്തിന്റെ മുന്നിലെ മൈതാനത്തിന്റെ തെക്കു പടിഞ്ഞാറേ മൂലയിൽ റോഡിനോട് ചേർന്ന് ഒരു മാവ് ഉണ്ടായിരുന്നു. അതിന്റെ കീഴിൽ എത്തിയപ്പോൾ ആ ദുർദേവത നിന്നുവത്രെ.

അയാൾ തല്ക്കാലത്തേക്ക് സ്വതന്ത്രനായി ആശ്രമത്തിനകത്തു ചെന്നു ഗുരുവിനെ കണ്ടു കാര്യങ്ങൾ ധരിപ്പിച്ചു. ഗുരു അയാളോട് പറഞ്ഞു: 'ഇതിനകത്ത് അതു വരില്ല. അതിനെ മാറ്റാൻ കഴിയും. പക്ഷെ നിന്നെക്കൊണ്ട് ചെയ്തെടുക്കാൻ പറ്റുമെന്നു തോന്നുന്നില്ല.' ആശ്രമത്തിലേക്ക് വീണ്ടും വരാൻ അയാൾക്ക് കഴിഞ്ഞില്ല. രക്ഷപ്പെടാൻ കഴിയാത്ത ഒരു ദുർഗതിയിൽ നിന്നു രക്ഷപ്പെടുത്താൻ പ്രാപ്തിയുള്ള ഗുരുവിനെ കണ്ടെത്തിയിട്ടും ആ ഗുരുവിനെ സ്വീകരിക്കാനാവാത്ത ഒരുവനെയാണ് നാം ഈ സംഭവത്തിൽ കാണുന്നത്.

ജന്മജന്മാന്തരങ്ങളായി ഇങ്ങനെയുള്ള തെറ്റിന്റെ വശത്തുകൂടിയാണ് നാം സഞ്ചരിക്കുന്നത്. ഏതാണ് ശരി, ഏതാണ് തെറ്റ് എന്ന് അറിയാൻ പറ്റാത്ത രീതിയിലാണ് ജീവിതം പോകുന്നത്. നിലവിലുള്ള ആദ്ധ്യാത്മിക മാർഗങ്ങൾക്കും പരിഹാരങ്ങൾ പലപ്പോഴും നിർദ്ദേശിക്കാനാവാത്ത അവസ്ഥ. ഏറ്റവും നല്ലതെന്നു തോന്നി വാഴ്ത്തുന്നത് പിന്നീട് അബദ്ധമായി കലാശിക്കുന്നു.

സാക്ഷാൽ പരബ്രഹ്മമായ ഒരു കാലാന്തരഗുരുവിനെ ലഭിച്ചാലുള്ള മേന്മ മനുഷ്യമനസുകൾ വിഭാവനം ചെയ്യുന്ന തിനപ്പുറത്താണ്. ഈ സത്യം അനുഭവം കൊണ്ട് അറിഞ്ഞ ശിഷ്യപരമ്പരയാണ് ശാന്തിഗിരി പരമ്പര.



*സാംസ്കാരിക ദിനത്തിൽ നടന്ന ധ്വജാരോഹണ ചടങ്ങ്*

# ജന്മഗൃഹ തീർത്ഥയാത്രാ വാർഷികം: ആലോചനായോഗം നടന്നു

**ചന്ദിരൂർ:** ഗുരുവിന്റെ ജന്മഗൃഹത്തിൽ എല്ലാ മാസവും ചോതിനാളിൽ നടന്നുവരുന്ന ചോതി തീർത്ഥാടനത്തിന്റെ പത്തൊൻപതാമത് വാർഷികം 2019 ജനുവരി 1 ന് ചൊവ്വാഴ്ച വിപുലമായി ആഘോഷിക്കുന്നതിന് തീരുമാനിച്ചു. ഇതിനായുള്ള ആലോചനായോഗം നവംബർ 7 ചൊവ്വാഴ്ച ചോതിനാളിൽ രാവിലെ 11 മണിക്ക് ജന്മഗൃഹത്തിൽ വച്ച് ചേർന്നു. ലോകമെമ്പാടുമുള്ള മാനവരാശി ഒരു തീർത്ഥാടന സ്വഭാവത്തിൽ ഗുരുവിന്റെ പവിത്രമായ ജന്മഭൂമിയിലേക്ക് എത്തിച്ചേരേണ്ട ഒരു മഹാകർമ്മമാണ് ഗുരു അനുവദിച്ചനുഗ്രഹിച്ച ചോതി തീർത്ഥാടനം. പൂർവ്വജന്മ കർമ്മദോഷങ്ങളകറ്റി ജീവിതത്തിൽ പുണ്യവും ഭാഗ്യവും നിറയ്ക്കുന്ന ചോതി തീർത്ഥാടനത്തിൽ പങ്കെടുക്കുന്നതിനായി വിവിധ സംസ്ഥാനങ്ങളിൽ നിന്നും ജില്ലകളിൽ നിന്നുമായി എത്തിച്ചേരുന്ന തീർത്ഥാടകരുടെ എണ്ണം നാൾക്കുനാൾ വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്.



*കന്യാകുളങ്ങര ജി.എച്ച്.എസ്.എസിൽ നടന്ന കണിയാപുരം ഉപജില്ലാകലോൽസവത്തിൽ എ ഗ്രേഡോടെ സംഘഗാനത്തിൽ ഒന്നാം സ്ഥാനം നേടിയ ശാന്തിഗിരി വിദ്യാഭവൻ ഹയർസെക്കന്ററി സ്കൂൾ ടീം*

# ചിത്രരചനാ മത്സരം വിജയികൾ

**എഡ്യൂക്കേഷൻ സോൺ:** വിജിലൻസ് വീക്ക് ആചരണത്തോടനുബന്ധിച്ച എസ്.ബി.ഐ. ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കന്ററി സ്കൂളിൽ സംഘടിപ്പിച്ച ചിത്രരചനാ മത്സരത്തിൽ വിജയികളായവർക്കുള്ള സമ്മാനവിതരണം നവംബർ 5 ന് നടന്നു. വിജയികളായ കിരൺ പി., ജിഷ്ണു എസ് കുമാർ എന്നിവർക്ക് സ്കൂൾ പ്രിൻസിപ്പൽ പ്രണവ ശുദ്ധൻ ജ്ഞാനതപസ്വി, എസ്.ബി.ഐ. പോത്തൻകോട് ബ്രാഞ്ച് മാനേജർ ശ്രീകാന്ത് നായർ, തുടങ്ങിയവർ ഒന്നും രണ്ടും സ്ഥാനം നേടിയവർക്ക് ക്യാഷ് പ്രൈസ് നല്കി.



കിരൺ പി.
(ഒന്നാം സ്ഥാനം)



ജിഷ്ണു എസ് കുമാർ
(രണ്ടാം സ്ഥാനം)



*റോബോട്ടിക് എക്സിബിഷനിൽ നിന്ന്*

# എക്സിബിഷൻ സംഘടിപ്പിച്ചു

**എഡ്യൂക്കേഷൻ സോൺ:** ആധുനിക ശാസ്ത്രസാങ്കേതികവിദ്യയുടെ നൂതന സംരംഭമായ റോബോട്ടിക് എഞ്ചിനീയറിംഗ് സയൻസിനെ കുറിച്ച് വിദ്യാർത്ഥികൾക്ക് അവബോധം നല്കുന്നതിനായി വർക് ഷോപ്പ് നവംബർ 7 ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കന്ററി സ്കൂളിൽ വച്ചു നടന്നു. ബാംഗളൂർ ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന ബിബോക്സ് ലാബാണ് വർക് ഷോപ്പ് സംഘടിപ്പിച്ചിരിക്കുന്നത്. ആറു വയസുമുതൽ 12 ാം ക്ലാസുവരെയുള്ള വിദ്യാർത്ഥികൾക്കാണ് ക്ലാസ് സംഘടിപ്പിച്ചത്. ട്രയിനർ എച്ച്. ഗിരീഷിന്റെ നേതൃത്വത്തിൽ റോബോട്ടുകളുടെ രൂപകല്പന, പ്രവർത്തനം തുടങ്ങിയവ കുട്ടികൾക്ക് പരിചയപ്പെടുത്തി.





ഇന്റർ സ്കൂൾ ക്വിസ് കോംപറ്റീഷൻ വിജയികളായ എസ്.വി.ബി.എസ്.എസ്.എസ് വിദ്യാർത്ഥിനികളായ അഭിനന്ദന എ.ഡി. (മുകളിൽ),അവന്തിക എം.ജെ.(താഴെ)

# പൊതുയോഗം

**സ്പിരിചൽ സോൺ:** ശാന്തിഗിരി ഗൃഹസ്ഥാശ്രമസംഘം പൊതുയോഗം നവംബർ 4ന് ആദരണീയ സ്വാമി ഗുരുനന്ദ് ജ്ഞാനതപസ്വിയുടെ മഹനീയ സാന്നിദ്ധ്യത്തിൽ ചേർന്നു. നമ്മുടെ ഉള്ളിലുള്ള പഴകിയ വാസനകളെ പുറത്തുകളയാനാണ് ഗുരു ശ്രമിക്കുന്നതെന്നും ഗുരുവാണികൾ നമ്മുടെ ഉള്ളിൽ പതിയണമെന്നും സ്വാമി പറഞ്ഞു. തുടർന്ന് ശാന്തിഗിരി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് യോഗാ സയൻസ് പ്രവർത്തനങ്ങളെക്കുറിച്ച് പി.പി. ബാബു സംസാരിച്ചു. ശാന്തിഗിരി ഡയറി യൂണിറ്റ് എ.ജി.എം.എം. ഗോപകുമാർ ഗോശാലയുടെ നവീകരണ പദ്ധതികളെക്കുറിച്ച് സംസാരിച്ചു. ഉണ്ണികൃഷ്ണപ്രസാദ് ടി.കെ., എം.പി പ്രമോദ്, രാജീവ്. എസ്, സുകൃത എ എന്നിവർ സംസാരിച്ചു

# നാടൻ പച്ചക്കറി കൗണ്ടർ

**റിസർച്ച് സോൺ:** അഗ്രികൾച്ചർ ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ നാടൻ പച്ചക്കറി കൗണ്ടർ രണ്ടാം നമ്പർ ഗേറ്റിനടുത്ത് പ്രവർത്തിച്ചുവരുന്നു. നാടൻ പച്ചക്കറികൾക്കൊപ്പം വിവിധയിനം കൂണുകളും ഇവിടെ ലഭ്യമാണ്. ജൈവ ഉത്പന്നങ്ങളായ നാടൻ കുത്തരി, ജൈവ ശർക്കര മുതലായവയും ലഭ്യമാണ്. മുൻകൂട്ടിയുള്ള ഓർഡർ പ്രകാരമാണ് ഉത്പന്നങ്ങൾ ലഭിക്കുന്നത്. ഹെർബൽ ജ്യൂസ് കൗണ്ടറും പ്രവർത്തിക്കുന്നു.



*'ഉപ്പും മുളകും' ഫെയിം ശിവാനി ശാന്തിഗിരി ഗുരുകാന്തി കുരുന്നുകളോടൊപ്പം*

# ദിവംഗതരായി



കെ.കെ ഗോവിന്ദൻ

**കണ്ണൂർ:** സർവാദരണീയ ജനനി നന്മപ്രിയ ജ്ഞാനതപസ്വിനിയുടെ പിതാവ് കണ്ണപുരം ഇടയയ്ക്കേപ്പുറം കുഞ്ഞാച്ച നിവാസിൽ കെ.കെഗോവിന്ദൻ (79) നവംബർ 8 ന് ദിവംഗതനായി.സംസ്കാരം നടന്നു. ഭാര്യ: സാവിത്രി. പി.വി മറ്റുമക്കൾ: ജയശ്രീ.കെ.കെ, ജയശീല കെ.കെ, ജയേഷ് കെ.കെ. മരുമക്കൾ: രവീന്ദ്രൻ. പി.പി, സുരേന്ദ്രൻ.എം (ശാന്തിഗിരി ഷോപ്പിംഗ് മാൾ), ആശ.



കെ.ചെല്ലമ്മ

**പോത്തൻകോട്:** നന്നാട്ടുകാവ് അദ്വൈതത്തിൽ കെ.ചെല്ലമ്മ (82) നവംബർ 6ന് ദിവംഗതയായി. സംസ്കാരം നടന്നു. ഭർത്താവ് : ദിവംഗതനായ കെ.കൊച്ചുചെറുക്കൻ മക്കൾ: മണി.സി.കെ, വിജയമ്മ സി.കെ, ശ്യാമള സി.കെ, സുജാത സി.കെ(ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജ് ഹോസ്പിറ്റൽ), ലത സി.കെ. മരുമക്കൾ: മോഹനൻ, ഉത്തമൻ, അനിൽ, വിക്ടർ പി. (പ്ലാനിംങ് & ഡെവലപ്മെന്റ് ശാന്തിഗിരി ആശ്രമം), ശ്രീജിത്ത്.



ബൈജു.വി

**നാലാഞ്ചിറ:** കുരിശടി ഗുരുസ്തുതിയിൽ ബൈജു.വി (43) നവംബർ 9ന് ദിവംഗതനായി.സംസ്കാരം നടന്നു ഭാര്യ: മൃദുല മക്കൾ: മിത്രാത്മജൻ, കരുണ സഹോദരങ്ങൾ : സൈജു.വി, ഷീജ

# ശാന്തിഗിരി ഷോപ്പിംഗ് സെന്റർ ഉദ്ഘാടനം ചെയ്തു

**പുനലൂർ:** കരവാളൂരിൽ ആരംഭിച്ച ശാന്തിഗിരി ഷോപ്പിംഗ് സെന്ററിന്റെ ഉദ്ഘാടനം നവംബർ 7 ന് മന്ത്രി കെ. രാജു നിർവഹിച്ചു. സ്വാമി ഭാസുര ജ്ഞാനതപസ്വി മഹനീയ സാന്നിധ്യമായിരുന്നു. കശുവണ്ടി വികസന കോർപറേഷൻ ചെയർമാൻ എസ്. ജയമോഹൻ, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് വി.രാജൻ തുടങ്ങിയവർ സംബന്ധിച്ചു. പുനലൂർ എസ്.സി./എസ്.റ്റി. സർവീസ് സഹകരണ സംഘമാണ് കരവാളൂരിലെ ശാന്തിഗിരി ഷോപ്പിംഗ് സെന്റർ ആരംഭിച്ചിരിക്കുന്നത്. ഉദ്ഘാടനത്തോടനുബന്ധിച്ച് ആയുർവേദ സിദ്ധ ഹോമിയോ മെഡിക്കൽ ക്യാമ്പ് നടത്തി.



ഷോപ്പിംഗ് സെന്റർ ഉദ്ഘാടനം മന്ത്രി കെ.രാജു നിർവഹിക്കുന്നു



ഡോ.കെ.ആർ.നാരായണൻ അനുസ്മരണ സമ്മേളനം മോൻസ് ജോസഫ് എംഎൽഎ ഉദ്ഘാടനം ചെയ്യുന്നു

# കെ.ആർ. നാരായണൻ അനുസ്മരണം

**ഉഴവൂർ (കോട്ടയം):** ശാന്തിഗിരി ആശ്രമവും ഉഴവൂർ ഗ്രാമപഞ്ചായത്തും ചേർന്ന് സംഘടിപ്പിച്ച മുൻ രാഷ്ട്രപതി ഡോ.കെ.ആർ. നാരായണന്റെ പതിമൂന്നാമത് അനുസ്മരണ സമ്മേളനം മോൻസ് ജോസഫ് എംഎൽഎ ഉദ്ഘാടനം ചെയ്തു. ഡോ.കെ. ആർ. നാരായണന്റെ പ്രതിമ ഉഴവൂരിൽ സ്ഥാപിക്കുമെന്ന് എം എൽ എ അറിയിച്ചു. നവജ്യോതി ശ്രീ കരുണാകരഗുരു റിസർച്ച് സെന്ററിൽ നവംബർ 9ന് നടന്ന സമ്മേളനത്തിൽ സ്വാമി ശരണ്യപ്രകാശ ജ്ഞാനതപസ്വി, ഉഴവൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഷേർളി രാജു തുടങ്ങിയവർ സംസാരിച്ചു

# ശാന്തിഗിരി വിദ്യാഭവനിൽ വ്യാവസായിക സംരംഭകത്വ ക്ളബ്ബ് ആരംഭിച്ചു

**എജ്യൂക്കേഷൻ സോൺ:** ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കൻഡറി സ്കൂളിൽ വ്യാവസായിക സംരംഭകത്വ ക്ളബ് ആരംഭിച്ചു. കുട്ടികളുടെ വ്യാവസായികാഭിരുചി പ്രോത്സാഹിപ്പിക്കുക, പരിപോഷിപ്പിക്കുക എന്നിവ ലക്ഷ്യമിട്ടുള്ള ക്ലബിന്റെ ഉദ്ഘാടനം നെടുമങ്ങാട് താലൂക്ക് ഇൻടസ്ട്രീസ് ഓഫീസർ കെ.എസ് സുനിൽ കുമാർ നിർവഹിച്ചു. സ്കൂൾ പ്രിൻസിപ്പൽ സ്വാമി പ്രണവശുദ്ധൻ ജ്ഞാനതപസ്വി അധ്യക്ഷത വഹിച്ച ചടങ്ങിൽ നെടുമങ്ങാട് ഇൻടസ്ട്രിയൽ എക്സ്റ്റെൻഷൻ ഓഫീസർ വി.പ്രേംലാൽ ,ശാന്തിഗിരി ആശ്രമം പബ്ളിക് റിലേഷൻസ് അസിസ്റ്റന്റ് ജനറൽ മാനേജർ എം .പി. പ്രമോദ്, ക്ല്ളബ്ബ് കോഓർഡിനേറ്റർ അമ്പിളി ശ്രീരാഗ് സ്റ്റുഡൻറ്റ് കോ ഓർഡിനേറ്റർ കരുണപി.കെ എന്നിവർ സംസാരിച്ചു.

വ്യാവസായിക സംരംഭകത്വ ക്ളബ്ബിൻറെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് എൻറർപ്രെന്യുവർഷിപ്പ് ഡവലപ്മെൻറ് പ്രതിനിധികളിൽ നിന്ന് സ്കൂൾ പ്രിൻസിപ്പൽ ഏറ്റുവാങ്ങി. ഇതിനോടനുബന്ധിച്ച് വ്യാവസായിക വർക് ഷോപ്പുകൾ, സെമിനാറുകൾ, ഈ രംഗത്തെ വിദഗ്ദ്ധരുമായി സംവദിക്കാനുള്ള അവസരങ്ങൾ തുടങ്ങിയവ ഉണ്ടായിരിക്കും. ഇത് സംസ്ഥാന സർക്കാർ ആഭിമുഖ്യത്തിലുള്ള സംരംഭമാണ്.




വ്യാവസായിക സംരംഭകത്വ ക്ലബ് ഉദ്ഘാടനം

# ആശംസകൾ



11-ാം പിറന്നാൾ ആഘോഷിക്കുന്ന **ഗുരുകല.** ജനസേവികപുരം ധർമ്മകാന്തിയിൽ മുരളീധരൻ പിള്ളയുടെയും സരസ്വതി കെയുടെയും മകളാണ്

# ഗോൾഡ് മെഡൽ നേടി



ഗോവിന്ദ് വി.

**എജ്യൂക്കേഷൻ സോൺ:** തൃശ്ശൂരിൽ നടന്ന സ്റ്റേറ്റ് അക്വാടിക് ചാംപ്യൻ ഷിപ്പിൽ ശാന്തിഗിരി വിദ്യാഭവൻ ഹയർ സെക്കന്ററി സ്കൂളിലെ ഗോവിന്ദ് വി. വാട്ടർപോളോയിൽ സ്വർണ മെഡൽ നേടി.

# വേൾഡ് സ്ട്രോക്ക് ഡെ

**ഹെൽത്ത്കെയർ സോൺ:** ഒക്ടോബർ 29 ന് വേൾഡ് സ്ട്രോക്ക് ഡേ അവയർനെസ് പ്രോഗ്രാം സംഘടിപ്പിച്ചു. ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജിൽ നടന്ന പരിപാടിയിൽ അഡീഷണൽ മെഡിക്കൽ സൂപ്രണ്ട് (ആയുർവേദ) ഡോ. എൻ. ജയശ്രീ, ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജ് വൈസ് പ്രിൻസിപ്പൽ ഡോ. പി. ഹരിഹരൻ, സീനിയർ ഫിസിയോ തെറാപ്പിസ്റ്റ് എസ്. സുജിത് കുമാർ എന്നിവർ സംസാരിച്ചു

ഈ ലോകം.. ഇവിടെ ചില മനുഷ്യർ

വാമനപുരം മണി



# യോഗ ക്ലാസുകൾ ആരംഭിക്കുന്നു

**സ്പിരിച്വൽ സോൺ:** ശാന്തിഗിരി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് യോഗ സയൻസിന്റെ ആഭിമുഖ്യത്തിൽ യോഗ ക്ലാസുകൾ നവംബർ 11 ഞായറാഴ്ച ആരംഭിക്കും. രാവിലെ 10 മുതൽ 12 വരെയാണ് ക്ലാസ്. ആഴ്ചയിലൊരിക്കൽ നടക്കുന്ന ക്ലാസിൽ സ്ത്രീകൾക്കും പെൺകുട്ടികൾക്കും ആണ് പ്രവേശനം. അടുത്തയാഴ്ച മുതൽ പുരുഷന്മാർക്കുള്ള ക്ലാസുകളും ആരംഭിക്കും.



*ഗുരുചരണം ശരണം*

# പ്രാർത്ഥനയോടെ

**ഷിജു വി.**

**സിനി ഷിജു**

**ജ്ഞാനചിത്ത്**

**ഗുരുദത്തൻ**

*'കരുണമന്ദിരം'*

*സ്നേഹപുരം*

Printed and published by Swami Chaithanya Jnana Thapaswi, Chief Editor, on behalf of Santhigiri Ashram, Thiruvananthapuram-695589. For private circulation only.
Editorial Head: Janani Divya Jnana Thapaswini, Editor: T. Sasimohan, Deputy Editor: Anil Cherthala